ഉത്തരം

(എ),(ബി)&(സി) സംസ്ഥാനത്ത് നിലവിലുള്ള സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

34 (2412) ഓപ്പൺ സ്കൂൾ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി മാതൃകയിൽ ഓപ്പൺ സ്കൂൾ സംപ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നം.100/99/പൊ.വി. പ്രകാരം നാഷണൽ ഓപ്പൺ സ്കൂളിന്റെ മാതൃകയിൽ സംസ്ഥാനത്ത് ഓപ്പൺ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ എസ്.സി.ഇ.ആർ.റ്റി.യുടെ കീഴിൽ ഒരു പ്രത്യേക വിഭാഗമായി പ്രവർത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്. 10 ലക്ഷം രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി തയ്യാറാക്കി പരിശോധിച്ചു വരികയാണ്.

35 (2413) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു സമീപന രേഖ

ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു സമീപന രേഖ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സമീപന രേഖ തയ്യാറാക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി. സംഘടിപ്പിച്ച ഒരു വർക്ക്ഷോപ്പ് മുഖേന പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സമീപന രേഖയുടെ കരട് രേഖ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കരട് രേഖയിൽ ഉദ്ദേശിക്കുന്നത് കുട്ടികളുടെ ഇന്ദ്രിയശേഷിയുടെ വികസനം തൊട്ടും, രുചിച്ചും, മണത്തും, കേട്ടും, കണ്ടും പരിസ്ഥിതി മനസ്സിലാക്കുക.

330/2010.

LIBRARY ARCHIVES Kerala Legislative Assembly

2. തൊട്ടു ചുറ്റുമുള്ള ഭൗതിക, സാംസ്ക്കാരിക സാഹചര്യവുമായി ഇഴുകിച്ചേരാനും അതിൽ ഇടപെടാനുമുള്ള കഴിവു വളർത്തൽ.

3. തുടർച്ചയായി പ്രവർത്തനങ്ങളിലോ കളികളിലോ ഏർപ്പെടാനും കുട്ടിയുടെ പ്രായത്തിനിണങ്ങിയ മാനസിക, കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കുന്ന തരത്തിലുള്ള കായികക്ഷമതയുടെ വികസനം.

4. കാര്യങ്ങൾ സ്വയം ചെയ്യാനും വെല്ലുവിളികൾ ഏറ്റെടുക്കുവാനും അന്വേഷിച്ച് കണ്ടെത്തുവാനുമുള്ള താൽപ്പര്യം വളർത്തൽ.

5. ഭാഷാപരമായ ആശയ വിനിമയ ശേഷികളുടെയും കലാപ്രകടന ശേഷികൾ, ചിത്രരചന, സംഗീതം, ശബ്ദാനുകരണം, കഥാകഥനം, റൂട്ട്പ്ലെ, കൗതുകവസ്തു നിർമ്മാണം തുടങ്ങിയ ക്രിയേറ്റീവ് ആക്ടിവിറ്റിസി(സർഗ്ഗ കലാ ശേഷികൾ)ന്റെ വികസനം ഇവയുടെ ഗ്രേഡ് ആക്ടിവിറ്റീസ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

36 (2414) കിങ്ങിണിക്കൂട്ടം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99-ൽ സ്കൂളുകളിൽ കിങ്ങിണിക്കൂട്ടം പരിപാടി സംഘടിപ്പിച്ചതിന്റെ പേരിൽ എന്തു തുക ചെലവായി;

(ബി) എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത തുക ചെല വഴിച്ചത്;

(സി) 1999-2000-ാമാണ്ടിൽ ഈ പരിപാടി നടത്തുന്നുണ്ടോ;

(ഡി) ഇതിനുവേണ്ടി എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കിങ്ങിണിക്കൂട്ടം കൊണ്ടുള്ള പ്രയോജനമെന്താണ്;

(എഫ്) നിർദ്ദിഷ്ട പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നത് പഠന വിധേയമാക്കുമോ?

ഉത്തരം

(എ) അദ്ധ്യാപക പരിശീലനം ഉൾപ്പെടെ 4,14,11,761/-രൂപ ചെലവായിട്ടുണ്ട്.

(ബി) കിങ്ങിണിക്കൂട്ടം പരിപാടി, ബി.ആർ.സി/സി.ആർ.സി ട്രെയിനിംഗുകൾ, അദ്ധ്യാപക പരിശീലനം അവധിക്കാല പരിശീലനത്തിൽ (വെക്കേഷൻ) പങ്കെടുത്തതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് ലഭിക്കേണ്ട സറണ്ടർ ആനുകൂല്യം തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്.

(സി) 1999-2000 അക്കാദമിക് വർഷത്തേയ്ക്കുള്ള കിങ്ങിണിക്കൂട്ടം പരിപാടി പഠനോത്സവം എന്ന പേരിലാണ് നടത്തിയത്.

(ഡി) 1999-2000 വർഷത്തേക്ക് ഇതിലേയ്ക്കായി 2,55,02,515/- രൂപ ഡി.പി.ഇ.പി.യുടെ വാർഷിക പദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly